(ബി)&(സി) ഉണ്ട്.

ദേശീയ സംസ്ഥാന ഹൈവേകളുടേയും മറ്റു പ്രധാനപ്പെട്ട റോഡുകളുടേയും സമീപത്തു സ്ഥിതി ചെയ്യുന്ന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റു പ്രധാനപ്പെട്ട ആശുപത്രികളിലും അടിയന്തിര ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് ആശുപത്രികളിലെ കാഷ്വാലിറ്റി യൂണിറ്റുകളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് നടപ്പ് സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹെൽത്ത് സിസ്റ്റം പ്രോജക്ടിൽ ഉൾപ്പെടുത്തി 49 കോടി രൂപ ട്രോമാകെയറിനുവേണ്ടി ലോകബാങ്ക് സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ചെലവുചുരുക്കൽ നടപടികൾ

1 (1469) ശ്രീ. വി. പെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെലവുചുരുക്കലിന്റെ ഭാഗമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഇതുപ്രകാരം എന്ത് തുകയുടെ ചെലവു ചുരുക്കൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട് ;

(സി) മന്ത്രിമാർ, വകുപ്പ് സെക്രട്ടറിമാർ എന്നിവർ എത്ര രൂപയുടെ ചെലവുചുരുക്കൽ നടപടികൾ അവരുടെ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

(ഡി) മന്ത്രിമാരുടെ ഓഫീസുകൾ, ഗവൺമെന്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ സർവ്വീസിൽ നിന്ന് പെൻഷൻ പറ്റി പിരിഞ്ഞ എത്ര പേരുണ്ട് ; സംസ്ഥാന ഖജനാവിൽ നിന്ന് എത്ര തുക ഇവർക്ക് ശമ്പളവും മറ്റുമായി ചെലവാക്കുന്നു ; അവർ ആരെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഈ ഗവൺമെന്റ് പി.എസ്.സി. വഴിയല്ലാതെ എത്ര പേരെ നാളിതു വരെ നിയമിച്ചു ; അവർക്കായി സംസ്ഥാന ഖജനാവിൽ നിന്നും എന്തുതുക ശമ്പളമായി നൽകുന്നു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെലവുചുരുക്കലിന്റെ ഭാഗമായി പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും വിമാനയാത്ര, വിദേശയാത്ര, ടെലിഫോൺ ചെലവ്, ഇന്ധനം തുടങ്ങിയ ഓഫീസ് ചെലവുകൾ എന്നിവയിൽ നിയന്ത്രണം ഏർപ്പെടുത്തുകയുണ്ടായി.

(ബി) കണക്കാക്കിയിട്ടില്ല.

(സി-ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly